കോട്ടയ്ക്കൽ നഗരസഭാ ബസ് സ്റ്റാൻഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിയമാനുസൃതമായ എല്ലാ അനുമതികളും ലഭിച്ചശേഷം പ്രവൃത്തി ഏറ്റെടുക്കുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടുള്ളതും ആയത് യു.എൽ.സി.സി.എസ്. എന്ന സ്ഥാപനം ടെണ്ടർ ഏറ്റെടുത്ത എഗ്രിമെന്റ് സമർപ്പിച്ച് പ്രവൃത്തി നടത്തി വരുന്നതുമാണ്. പ്രവൃത്തി ഏകദേശം അവസാന ഘട്ടത്തിലാണ്.

(ബി) പ്രസ്തുത പദ്ധതിക്കായി വകുപ്പിന്റെ കീഴിലെ ധനകാര്യ കോർപ്പറേഷനിൽ ലോണിനുവേണ്ടി സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കെ.യു.ആർ.ഡി.എഫ്.സി. എന്ന സ്ഥാപനത്തിൽനിന്നും ഒന്നാം ഗഡുവായി 1,07,15,998 രൂപയും രണ്ടാം ഗഡുവായി 2 കോടി രൂപയും കോട്ടക്കൽ നഗരസഭയ്ക്ക് ലോൺ ലഭിച്ചിട്ടുണ്ട്.

(സി) പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്.

പാവറട്ടി ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ പുതിയ കെട്ടിടം

331 (3359) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ പാവറട്ടി ഗ്രാമപഞ്ചായത്ത് ഓഫീസിനായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കാമോ?

രണ്ട് ഘട്ടങ്ങളിലായി 91,20,000 രൂപയ്ക്കും, 1,00,00,000 രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മാണവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ?

പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ബസ് സ്റ്റാൻഡ് ഗ്രൗണ്ട് ഫ്ലോർ നിർമ്മാണവും രണ്ടാം ഘട്ടത്തിൽ ഫസ്റ്റ് ഫ്ലോർ, സെക്കൻഡ് ഫ്ലോർ കംപ്ലീറ്റ് സ്ട്രക്ചറൽ വർക്ക്, ഫിനിഷിംഗ്, പ്ലംബിംഗ്, സാനിറ്ററി വർക്ക്, ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവൃത്തികളും ഉൾപ്പെടുത്തിയിരിക്കുന്നു.

(സി) നിർമ്മാണവുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

ഒന്നാം ഘട്ടത്തിന്റെ 98% പ്രവൃത്തി പൂർത്തീകരിച്ചു. റാമ്പ് നിർമ്മാണം, വൈറ്റ്വാഷിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. രണ്ടാം ഘട്ടത്തിൽ ലിന്റൽ, സൺഷെയ്ഡ് ഒഴികെയുള്ള എല്ലാ കോൺക്രീറ്റ് പ്രവൃത്തികളും

LIBRARY ARCHIVES Kerala Legislative Assembly

പുറംഭിത്തി നിർമ്മാണവും പൂർത്തീകരിച്ചു. വുഡ് വർക്ക്, ഗ്രിൽ വർക്ക്, ഹാൻഡ് റെയിൽ, അലൂമിനിയം ഫാബ്രിക്കേഷൻ വർക് ഫോർ വിൻഡോസ്, വെന്റിലേറ്റേഴ്സ്, ടൈൽ വർക്, പ്ലാസ്റ്ററിംഗ് & പെയിന്റിംഗ്, സാനിറ്ററി വർക്, പ്ലംബിംഗ്, ഇലക്ട്രിക്കൽ വർക്, ട്രസ്സ് വർക് എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

(ഡി) നിലവിൽ അഞ്ച് ലക്ഷം രൂപയിലേറെ സ്വകാര്യ വ്യക്തിക്ക് വാടക നൽകി പ്രവർത്തിക്കുന്ന പാവറട്ടി പഞ്ചായത്ത് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

9-7-2021-ൽ ബഹു.എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രണ്ട് ഘട്ട പ്രവൃത്തികളും എത്രയുംപെട്ടെന്ന് പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത കെട്ടിട നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

ഒന്നാംഘട്ടം 2021 ആഗസ്റ്റ് 15-നും രണ്ടാം ഘട്ടം 2021 ഒക്ടോബർ 15-നും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഇരിക്കൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

332 (3360) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഇരിക്കൂർ നിയോജക മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽനിന്നും തുക അനുവദിച്ച് ഭരണാനുമതി നൽകുന്നതിനായി നിർദ്ദേശിക്കപ്പെട്ട വിവിധ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) എഗ്രിമെന്റ് കാലാവധി പൂർത്തിയാക്കിയതും എന്നാൽ നിർമ്മാണം പൂർത്തിയാക്കാത്തതുമായ പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇവയിൽ നടപ്പാക്കാൻ കഴിയാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ ആയതിന്റെ കാരണവും അവ ഏതൊക്കെ പ്രവൃത്തികളാണെന്നും വ്യക്തമാക്കാമോ?

(എ-സി) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly